**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 449** **10-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനർഹമായി ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർ എത്രപേരുണ്ടെന്നും അവർക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടികൾ എന്തെല്ലാമാണെന്നും വകുപ്പ് തിരിച്ച് വിവരം നൽകാമോ; | (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗണത്തിൽപ്പെടുന്ന വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ ലഭ്യമായിരുന്ന ഗുണഭോക്താക്കൾക്ക് പിന്നീട് സർക്കാർ സർവീസിൽ ജോലി ലഭിച്ചതിനു ശേഷം, അനർഹമായി 1457 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റിയതായി ബന്ധപ്പെട്ട ഡാറ്റബേസുകളിലെ വിവരങ്ങൾ താരതമ്യം ചെയ്ത് കണ്ടെത്തിയിട്ടുള്ളതും അങ്ങനെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റിയ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും അനധികൃതമായി കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരികെ ഈടാക്കുന്നതിനും, വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് ധനകാര്യ വകുപ്പിൽ നിന്നും നിർദേശം നൽകിയിട്ടുള്ളതുമാണ്. സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ടി നടപടികൾ പൂർത്തിയാക്കി ഇതുവരെയും ഒരു വകുപ്പും സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ എത്ര തുക തിരിച്ചടച്ചുവെന്നും ഇനി തിരിച്ചടക്കാനുള്ള തുകയുടെ വിശദാംശങ്ങളിലും കൃത്യത ഉറപ്പു വരുത്തുവാൻ സാധിക്കുകയുള്ളു. |
| (ബി) | വകുപ്പുതല നടപടികളുടെ ഭാഗമായി പ്രസ്തുത ജീവനക്കാർ എത്ര തുക തിരിച്ചടച്ചുവെന്നും ഇനി തിരിച്ചടക്കാനുള്ള തുകയുടെ വിശദാംശങ്ങളും വകുപ്പ് തിരിച്ച് നൽകാമോ? | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗണത്തിൽപ്പെടുന്ന വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ ലഭ്യമായിരുന്ന ഗുണഭോക്താക്കൾക്ക് പിന്നീട് സർക്കാർ സർവീസിൽ ജോലി ലഭിച്ചതിനു ശേഷം, അനർഹമായി 1457 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റിയതായി ബന്ധപ്പെട്ട ഡാറ്റബേസുകളിലെ വിവരങ്ങൾ താരതമ്യം ചെയ്ത് കണ്ടെത്തിയിട്ടുള്ളതും അങ്ങനെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റിയ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും അനധികൃതമായി |

| | | | |
|---|---|---|---|
| | | | കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരികെ ഈടാക്കുന്നതിനും, വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് ധനകാര്യ വകുപ്പിൽ നിന്നും നിർദേശം നൽകിയിട്ടുള്ളതുമാണ്. സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ടി നടപടികൾ പൂർത്തിയാക്കി ഇതുവരെയും ഒരു വകുപ്പും സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ എത്ര തുക തിരിച്ചടച്ചുവെന്നും ഇനി തിരിച്ചടക്കാനുള്ള തുകയുടെ വിശദാംശങ്ങളിലും കൃത്യത ഉറപ്പു വരുത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ